കേരള സർക്കാർ

# ഞാറക്കൽ ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.ksad.kerala.gov.in
e-mail : doekm.ksad@kerala.gov.in

രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി.3)20/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ:doekm.ksad@kerala.gov.in
തീയതി :15.03.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഞാറക്കൽ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : ഞാറക്കൽ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഞാറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലേയ്ക്കും ഭാഗം 3ലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.ഇകെഎം(പി.3)20/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ :doekm.ksad@kerala.gov.in
തീയതി :15.03.2019

## എറണാകുളം ജില്ലയിലെ ഞാറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ഞാറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017 മുതൽ 31.3.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ലഭ്യമായ മറുപടികൾ പരിഗണിച്ചശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകര ണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ജയ സി.ആർ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.12.2018 മുതൽ 31.12.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.മൈക്കിൾ.കെ.എ,<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീ. വിനീത് ആർ.<br>അസി.ഓഡിറ്റ് ഓഫിസർ |
| | ശ്രീമതി ബബിത ബി. കുമാർ<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി ഷാരിമോൾ കെ.ആർ<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി മേഴ്സി കെ.പി<br>ഓഡിറ്റർ |

### ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീമതി ഷിൽഡ റിബേരോ | 01.04.2017മുതൽ<br>31.03.2018വരെ |

| | | |
|---|---|---|
| വൈസ് പ്രസിഡണ്ട് | ശ്രീ.എ.പി.ലാലു | 01.04.2017മുതൽ 31.03.2018വരെ |
| സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺ(വികസനകാര്യം) | ശ്രീമതികൊച്ചുറാണി ജേക്കബ് | 01.04.2017മുതൽ 31.03.2018വരെ |
| സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ - ആരോഗ്യം , വിദ്യാഭ്യാസം | ശ്രീമതി. മണി സുരേന്ദ്രൻ | 01.04.2017മുതൽ 31.03.2018 വരെ |
| സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ - ക്ഷേമകാര്യം | ശ്രീ.സാജു മേനാച്ചേരി | 01.04.2017മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീമതി. റീജ സി.ജെ. | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി ശ്രീദേവി എൻ.കെ. | 01.04.2017 മുതൽ 31.03.2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.നീതു ഗോപാൽ | 01.04.17 മുതൽ 05.01.2018 വരെ |
| | ശ്രീമതി ശ്രീദേവി എ.ആർ. | 06.01.2018 മുതൽ 31.03.2018 വരെ |
| ഹെഡ് മിസ്ട്രസ് , ഗവ.ഫിഷറീസ് യു.പി.എസ് | ശ്രീമതി ആശാലത | 01.04.17 മുതൽ 31.03.18 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ. ധന്യ പുരുഷോത്തമൻ | 01.04.17 മുതൽ 02.06.17 വരെ |
| | ഡോ. പി.എ.സെയിറ | 03.06.17മുതൽ 31.03.18വരെ |
| കൃഷി ഓഫീസർ | ജിജി ജോസഫ് | 01.04.17 മുതൽ 31.03.18 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.റോസി കെ.എൽ. | 01.04.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ .വിമല | 01.04.17മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ - ഹോമിയോ | ഡോ:മേഴ്സി ഗോൺസാൽവസ് | 01-04-17 മുതൽ 31-03-18 വരെ |
| മെഡിക്കൽ ഓഫീസർ - ആയൂർവ്വേദം | ഡോ.ജിൻസി കെ.എസ്. | 01.04.17മുതൽ 31.03.18വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീമതി രമ്യ കെ.ഡി. | 01-04-17 മുതൽ 31-03-18 വരെ |
| വി.ഇ.ഒ.(ഈസ്റ്റ്) | ശ്രീമതി വിജയ | 01.04.17മുതൽ 06.07.17 വരെ |
| | ശ്രീമതി ലിജി കെ.വി. | 07.07.17മുതൽ 31.03.18 വരെ |
| വി.ഇ.ഒ.(വെസ്റ്റ്) | ശ്രീമതി രമാദേവി | 01.04.17 മുതൽ 30.06.17 വരെ |

| | | |
|---|---|---|
| | ശ്രീ. സുനിൽ ഇ.ജി. | 01.07.17മുതൽ 31.03.18 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. ജാക്വലിൻ ഡൊമിനിക്ക് | 01.04.17 മുതൽ 02.11.17 വരെ |
| | ശ്രീ.രതീഷ് ബാബു | 03.11.17 മുതൽ 31.03.18 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം ഒന്ന് | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| 13 | ഓഡിറ്റ് ഇംപാക്ട് | 1-13 |
| | ഭാഗം - 2 | |
| 14 | കെട്ടിടനികുതി ഈടാക്കിയില്ല | 2-1 |
| 15 | ലേലം അപാകതകൾ | 2-2 |
| | ഭാഗം - 3 | |
| 16 | ബിറ്റുമിൻ വില കുറവ് ചെയ്യതിലെ അപാകത | 3-1 |
| 17 | അധികം നൽകിയ ബിറ്റുമിൻ തിരികെ വാങ്ങിയിട്ടില്ല | 3-2 |
| 18 | ട്രാൻസ്ഫർ ടി.എ. അധികം നല്കി | 3-3 |
| 19 | ബാങ്ക് ലോൺ കൈപ്പറ്റിയില്ല | 3-4 |
| 20 | എസ്.എസ്.എ.ക്ക് കൂടുതൽ വിഹിതം നല്കി | 3-5 |
| 21 | ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 3-6 |

| | | |
|---|---|---|
| 22 | കട്ടിൽ - കൂടുതൽ വിലയ്ക്ക് വാങ്ങി | 3-7 |
| 23 | ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങിയതിലെ അപാകത | 3-8 |
| 24 | കരാറിലേർപ്പെടാതെയും എസ്റ്റിമേറ്റില്ലാതെയും തുക കൈമാറി | 3-9 |
| 25 | അലമാര & വാക്വം ക്ലീനർ വാങ്ങൽ അപാകതകൾ | 3-10 |
| 26 | പ്രത്യേക കന്നുകുട്ടി പരിപാലനം | 3-11 |
| | ഭാഗം 4 | |
| 27 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 28 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത് | 4-3 |
| 30 | വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം. | 4-4 |
| 31 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 32 | ഓഡിറ്റ് റിക്കവറി | 4-6 |
| 33 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 34 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 37 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 |
| 38 | ബാലൻസ് ഷീറ്റ് , റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് , ഇൻകം & എക്സ്പെൻറിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം 2 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

20.3.2017 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി. |
|---|---|
| 31.07.2018 | 16.05.2018 |

## 1-3 വാർഷികധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം

## നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 25.06.2018 മുതൽ 26.06.2018 വരെ | കെ.എസ്.എ.ഇ.കെ.എം.(പി.ജി.) 1786(56)/2018. തീയതി. 30.08.2018. |

# 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | രൂ.14168961 |
| വരവ് | രൂ.68525499 |
| ആകെ | രൂ.82694460 |
| ചെലവ് | രൂ.72012859 |
| നീക്കിയിരിപ്പ് | രൂ.10681601 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവഴിക്കാത്ത തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 13397081 | 13397081 | 13162293 | 0 | 234788 |
| വികസന ഫണ്ട്-എസ്. സി.പി (ACR പ്രകാരം) | 0 | 8406649 | 8406649 | 4437260 | 0 | 3969389 |
| വികസന ഫണ്ട്-ടി. എസ്.പി (ACR പ്രകാരം) | 0 | 203917 | 203917 | 55399 | 0 | 148518 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 4851453 | 4851453 | 2789088 | 0 | 2062365 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 2930000 | 2930000 | 2828430 | 0 | 101570 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 6668364 | 6668364 | 6484433 | 0 | 183931 |

| | | | | | | | |
|---|---|---|---|---|---|---|---|
| കെ.എൽ.എസ്.ജി. ഡി.പി (ACR പ്രകാരം) | | 0 | 2400728 | 2400728 | 1298899 | 0 | 1101829 |
| എം.ജി.എൻ. ആർ.ഇ. ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 12742972 | 12742972 | 12742972 | 0 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 134279 | 920092 | 1054371 | 1032442 | 21929 | 0 |
| BSUP | | 2221569 | 89832 | 2311401 | 43400 | 2268001 | 0 |
| SBI TSC | | 8368 | 12861 | 21229 | 12550 | 8679 | 0 |
| Sarva Siksha Abhiyan | | 0 | 525113 | 525113 | 525113 | 0 | 0 |
| ICDS | | 601181 | 892165 | 1502346 | 454118 | 1048228 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 1690000 | 1690000 | 411324 | 1278676 | 0 |
| | ജില്ലാ പഞ്ചായത്ത് | 0 | 11965704 | 11965704 | 11965704 | 0 | 0 |
| ബി ഫണ്ട് | | 0 | 38315630 | 38315630 | 38315630 | 0 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 8789000 | 8789000 | 8789000 | 0 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 8272946 | 9172299 | 17445245 | 11505467 | 5939778 | 0 |
| | ട്രഷറി അക്കൗണ്ട് | 1717491 | 9845962 | 11563453 | 11110055 | 453398 | 0 |
| HUDCO | | 111988 | 4171 | 116159 | 0 | 116159 | 0 |
| SBI e-pay | | 1702320 | 4106842 | 5809162 | 5214181 | 594981 | 0 |

1,29,35944 രൂപ സർക്കാർ ജോയിന്റ് വെഞ്ചർ അക്കൌണ്ടിൽ നിന്ന് 27-03-2018 ൽ എടുത്തത് 07-04-2018 ൽ തിരികെ പഞ്ചായത്തിന് ലഭിച്ചു. ഈ തുക ചെലവ് ആയിട്ടാണ് ഫണ്ട് വിനിയോഗത്തിൽ കാണിച്ചിരിക്കുന്നത്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായി നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂ ർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 171 | 72133421 | 127 | 32692267 | 34 | 10 | 74.27 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 134279 | 920092 | 1054371 | 1032442 | 21929 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 12742972 | 12742972 | 12742972 | - |
| ആകെ | 134279 | 13663064 | 13797343 | 13775414 | 21929 |

(*എം.ജി.എൻ.ആർ.ഇ.ജി.എസിന്റെ ഭരണ ചെലവ് ഇനത്തിലുള്ള 270066 രൂപ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.)

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 42240 | 93 |
| കർഷകതൊഴിലാളി പെൻഷൻ | 2025700 | 167 |
| വിധവാപെൻഷൻ | 10687500 | 889 |
| വാർദ്ധക്യകാലപെൻഷൻ | 21522600 | 1715 |
| വികലാംഗപെൻഷൻ | 2790200 | 223 |
| അമ്പത് വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 1030300 | 84 |
| സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം | 210000 | 7 |
| നെല്ലുൽപാദന ബോണസ് | 7090 | - |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.12.2018 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1279/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

1.ഔട്ട് ഡോർ കളക്ഷൻ രസീതു വരവുകൾ പഞ്ചായത്തുഫണ്ടിൽ അടവാക്കിയ രേഖകൾ ബന്ധപ്പെട്ട കളക്ഷൻ രജിസ്റ്ററിൽ ലഭ്യമല്ല. ഉദാ:- ശ്രീമതി നൈല, ക്ലാർക്ക്, ഉപയോഗിച്ച ODC രജിസ്റ്റർ. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8 ) നൽകിയ മറുപടിയിൽ പറയുന്നത് ദിവസേനയുള്ള കളക്ഷൻ തുക (ഒരു ദിവസത്തെ മൊത്തം തുക) കളക്ഷൻ നടത്തിയ ക്ലർക്കിൻെറ പേരിൽ സാംഖ്യയിൽ അടവാക്കി ടി സാംഖ്യരസീത് കളക്ഷൻ രജിസ്റ്ററിൽ ചേർത്തു വയ്ക്കാതെ തെറ്റായി ഇന്ററപ്റ്റഡ് രസീതുകളായി സാംഖ്യയിൽ ഓരോ രസീതും എൻട്രി വരുത്തിയതിനാൽ ആണ് അടവു രേഖകൾ കളക്ഷൻ രജിസ്റ്ററിൽ ചേർക്കാതിരുന്നത് എന്നാണ്. 2017 ഓക്ടോബർ, ഡിസംബർ മാസങ്ങളിൽ ഉപയോഗിച്ച 11851,11857 എന്നീ രസീത് ബുക്കുകളിലാണ് ഇപ്രകാരം

തെറ്റ് സംഭവിച്ചിട്ടുള്ളത്.11852,13740 എന്നീ രസീത് ബുക്കുകളിലും സമാനമായ തെറ്റുകൾ സംഭവിച്ചിട്ടുണ്ട്. രസീത് കളക്ഷൻ വിഷയത്തിൽ കാര്യക്ഷമമായ മേൽനോട്ടം നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2. വി.ഇ.ഒ മാർ അനുബന്ധം ബി 4 പ്രകാരമുള്ള പ്രോജക്ട് രജിസ്ററർ എഴുതി സൂക്ഷിച്ചിട്ടില്ല

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.11.2018 | ഒക്ടോബർ 2018 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.01.2016 മുതൽ 01.02.2016 വരെ | 2010-11 മുതൽ 2014-15 വരെ | 11.03.2016 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത അക്കൌണ്ട്സുമായി ബന്ധപ്പെട്ട മറ്റു പരാമർശങ്ങൾ.

1. സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം ഇനത്തിൽ ചെലവഴിച്ച 210000/- രൂപയിൽ 120000/-രൂപ മാത്രമാണ് ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലും റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും ഉൾപ്പെടുത്തിയിട്ടുള്ളത്.

2.കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് ചെയ്തിരിക്കുന്ന1520277/-രൂപ വാർഷിക ധനകാര്യ പത്രികയിലെ B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-13 ഓഡിറ്റ് ഇംപാക്ട്

2017-18 ൽ വെറ്ററിനറി സർജൻ ഉപയോഗിച്ച രസീത് പണമടവിൽ 500 രൂപയുടെ കുറവ് കണ്ടെത്തിയത് ഓഡിറ്റ് എൻക്വയറി നം. 3 പ്രകാരം അറിയിച്ചതിനെ തുടർന്ന് തുക പഞ്ചായത്ത് ഫണ്ടിൽ 22.12.2018 ന് രസീത് നം. 3147580 പ്രകാരം അടവാക്കി.

.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിടനികുതി ഈടാക്കിയില്ല

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അസ്സീസി വിദ്യാനികേതൻ പബ്ലിക് സ്കൂളിൽ നിന്ന് 2017-18 സാമ്പത്തികവർഷത്തിൽ കെട്ടിടനികുതി ഈടാക്കിയിട്ടില്ല. 2013-14 വർഷം മുതലുള്ള കെട്ടിടനികുതി കുടിശ്ശികയായതിനെത്തുടർന്ന് 30.11.18 ന് സെക്രട്ടറി റവന്യൂ റിക്കവറി ഡിമാന്റ് നോട്ടീസ് പുറപ്പെടുവിച്ചു. കെട്ടിടനികുതി ഈടാക്കുന്നതിനെതിരെ ഹൈക്കോടതിയിൽ നിന്ന് 04.04.17 ൽ സ്റ്റേ ലഭിച്ച ഉത്തരവിന്റെ പകർപ്പ് സ്കൂൾ അധികൃതർ ഹാജരാക്കുകയുണ്ടായി. അന്തിമകോടതി വിധി അനുസരിച്ച് നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 2-2 ലേലം - അപാകതകൾ

എ) ബന്ദർ കനാൽ അപ്പങ്ങാട് കനാൽ മത്സ്യബന്ധനാവകാശ ലേലം

ഗ്രാമ പഞ്ചായത്തിലെ 2017-18 വർഷത്തെ ബന്ദർ കനാൽ അപ്പങ്ങാട് കനാൽ മത്സ്യബന്ധനാവകാശ ലേലം 03-03-2017 തീയതിയിൽ 325000/- രൂപ ക്വാട്ട് ചെയ്ത ശ്രീ. പരമേശ്വരൻ, അമ്മപറമ്പിൽ എന്നയാൾക്ക് നൽകി. ലേല തുകയടെ ¼ ഭാഗമായ 81250/-രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി ലേലം നടന്ന ദിവസം തന്നെ പഞ്ചായത്തിൽ അടയ്ക്കേണ്ടതായിരുന്നു. എന്നാൽ നിരതദ്രവ്യമായി 2000/- രൂപയും സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി 3-3-2017ൽ 38000/- രൂപയും 4-3-017ൽ 30000/-രൂപയും അടച്ചു. പല തവണ കത്തുകൾ നൽകിയിട്ടും ബാക്കി തുക അടയ്ക്കാതിരുന്നതിനാൽ 23-10.2017ലെ A13- 949/17നമ്പർ കത്ത് പ്രകാരം ലേലം റദ്ദ് ചെയ്തു. 31-10-2017 വരെയുള്ള ലേലതുക പലിശസഹിതം പഞ്ചായത്തിൽ അടയ്ക്കുവാൻ ആവശ്യപ്പെട്ടിട്ടുമുണ്ട്. ആകെ 217360/-രൂപ റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കുന്നതിനായി 20-12-2017 തീയതിയിൽ 2017/9954/07 നമ്പർ റിക്വസ്റ്റ് ഓൺലൈനായി നൽകിയിട്ടുണ്ട്. ഈ തുക പഞ്ചായത്തിൽ വരവ് വയ്ക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കൂടാതെ 18-11-2017 ൽ നടന്ന പുനർ ലേലത്തിൽ ശ്രീ.രാജേഷ്. പടിഞ്ഞാറേക്കുറ്റ്, ഞാറയ്ക്കൽ എന്നയാൾ 65000/-രൂപ ക്വാട്ട് ചെയ്യുകയും 30500/-രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റായും 2000/- രൂപ നിരതദ്രവ്യമായും പഞ്ചായത്തിൽ 117010102779 നമ്പർ രസീത് പ്രകാരം അടച്ചിട്ടുണ്ട്. ബാക്കി 32500/- രൂപ ഈടാക്കി ഓഡിറ്റിൽ അറിയിയ്ക്കേണ്ടതാണ്.

ബി) പഞ്ചായത്തിലെ എസ്.സി. വനിത കേന്ദ്രത്തിലെ കടമുറി ലേലത്തിൽ വനിതകൾ പങ്കെടുക്കാതിരിയ്ക്കുന്നതിന്റെ കാരണം കണ്ടെത്തി പരിഹരിയ്ക്കുന്നതിനും പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ബിറ്റുമിൻ വില കുറവ് ചെയ്തതിലെ അപാകത

ഗ്രാമപഞ്ചായത്തിൽ ബിറ്റുമിൻ ആവശ്യമായ റോഡ് പ്രവൃത്തികളിൽ പഞ്ചായത്ത് തന്നെ ബിറ്റുമിൻ വാങ്ങി നൽകുകയാണ് ചെയ്തിട്ടുള്ളത്. ബിറ്റുമിന്റെ വില കൂടി ഉൾപ്പെടുത്തി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി നടത്തുകയും ഫൈനൽ ബില്ലിൽ നിന്നും ബിറ്റുമിന്റെ വില കുറവ് ചെയ്ത് കരാറുകാരന് തുക നൽകുകയുമാണ് പൊതുവെ ചെയ്യുന്നത്. ബിറ്റുമിൻ ആവശ്യമായ വിവിധയിനം പ്രവൃത്തികളിൽ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടുള്ള ബിറ്റുമിന്റെ വില താഴെ പറയും പ്രകാരമാണ്.

| ക്രമ നം. | ബിറ്റുമിന്റെ തരം | നിരക്ക്/ടൺ | ലാഭം 10% | ഓവർഹെഡ് 10% | ആകെ |
|---|---|---|---|---|---|
| 1 | VG 30 | 32972.56 | 3297.26 | 3626.98 | 39897 |
| 2 | SS 1 | 36000.97 | 3600.09 | 3960.10 | 43561 |

| | | | | | |
|---|---|---|---|---|---|
| 3 | RS 1 | 34456.84 | 3445.68 | 3790.25 | 41693 |

മേൽപ്പറഞ്ഞ പ്രകാരം ബിറ്റുമിന്റെ വിലയും 10% ലാഭവും 10% ഓവർഹെഡ് ചാർജ്ജും ഉൾപ്പെട്ട നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടുള്ളതെങ്കിലും പ്രോജക്ട് നമ്പർ 61/17 (115/18) പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ കൊറേപ്പറമ്പ് റോഡ് റീ ടാറിംഗ് എന്ന പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും ബിറ്റുമിന്റെ വില മാത്രമാണ് കുറവ് ചെയ്തിട്ടുള്ളത്.

| | |
|---|---|
| കരാറുകാരൻ | ശ്രീ. സിൻസൻ ജോസഫ് |
| അളവുപുസ്തകം | 34/16-17 |
| കരാർ തുക | 314880 |
| ട്രഷറി ബിൽ | 72/17-18 തീയതി 31-03-18 |
| ഇതുവരെ ചെലവ് | 301880 |

1. ബിറ്റുമിന്റെ വില കുറവ് ചെയ്തതിലെ അപാകത
ഫൈനൽ ബില്ലിൽ നിന്നും ലാഭവും ഓവർഹെഡ് ചാർജ്ജും ഉൾപ്പെടെയുള്ള ബിറ്റുമിന്റെ വില കുറയ്ക്കേണ്ടതിന് പകരം ബിറ്റുമിന്റെ വില മാത്രം കുറവ് ചെയ്തതുമൂലം കരാറുകാരന് താഴെ പറയും പ്രകാരം 7947/- രൂപ അധികം നൽകിയിട്ടുണ്ട്.

| ക്രമ നം. | ഉപയോഗിച്ച ബിറ്റുമിന്റെ തരം | പ്രവൃത്തി യുടെ ഇനം | അളവ് (m2) | m2 ന് ആവശ്യ മായ അളവ് (kg) | പ്രവൃത്തിക്ക് ആവശ്യ മായ അളവ് (kg) | ആകെ (kg) | ബില്ലിൽ കുറയ്ക്കേ ണ്ടത് | ബില്ലിൽ കുറച്ചത് | അധികം നൽകി യത് |
|---|---|---|---|---|---|---|---|---|---|
| 1 | VG 30 | 20 mm premix | 345.055 | 1.46 | 503.78 | 728.06 | 29047 | 24004 | 5043 |
| | | Seal coat | 345.055 | 0.65 | 224.28 | | | | |
| 2 | SS 1 | Priming coat | 345.055 | 0.85 | 293.30 | 293.30 | 12776 | 10559 | 2217 |
| 3 | RS 1 | Tack coat | 345.055 | 0.275 | 94.90 | 94.90 | 3957 | 3270 | 687 |
| ആകെ | | | | | | | | | 7947 |

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 28-12-2018 ൽ 16-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് 31.12.18 ലെ ചെലാൻ നമ്പർ 27656 പ്രകാരം7656രൂപ കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടുണ്ട്.ബാക്കിയുള്ള 291 രൂപ തിരികെ ഈടാക്കേണ്ടതാണ്.
(2) ബിറ്റുമിൻ അധികം നൽകിയത് സംബന്ധിച്ച്
ഈ പ്രവൃത്തിയിൽ ആവശ്യമായ ബിറ്റുമിന്റെ വില 78463 രൂപയായി കണക്കാക്കി 2016-17വർഷം

അത്രയും തുക ഹിന്ദുസ്ഥാൻ കോളാസ് (പി) ലിമിറ്റഡിന് നൽകിയിട്ടുണ്ട്.എന്നാൽ ബിറ്റുമിൻ ആവശ്യമായ പലയിനം പ്രവൃത്തികളും ഒഴിവാക്കിയതു മൂലം അത്രയും ബിറ്റുമിൻ ഈ പ്രവൃത്തിയിൽ ഉപയോഗിക്കേണ്ടിവന്നിട്ടില്ല. ഈ പ്രവൃത്തിക്കുവേണ്ടി കരാറുകാരന് യഥാർത്ഥത്തിൽ നൽകിയ ബിറ്റുമിന്റെ അളവ് എത്രയെന്ന് ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്ററിൽ നിന്നും വ്യക്തമാവുന്നില്ല. തന്മൂലം കരാറുകാരന് ആവശ്യത്തിലധികം ബിറ്റുമിൻ നൽകിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ വില എപ്രകാരം ഈടാക്കിയെന്നും വ്യക്തമായിട്ടില്ല. ആയതിനാൽ ഈ പ്രവൃത്തിയിൽ ആകെ വാങ്ങിയ 78463രൂപയുടെ ബിറ്റുമിനിൽ നിന്നും പ്രവൃത്തിക്ക് ഉപയോഗിച്ച ബിറ്റുമിന്റെ മൂല്യമായ 37833/-രൂപ കിഴിച്ച് ബാക്കിയുള്ള 40630/-രൂപയുള്ള ബിറ്റുമിന്റെ വില എപ്രകാരം ക്രമീകരിച്ചു എന്ന് വ്യക്തമാക്കേണ്ടതാണ്.

## 3-2 അധികം നൽകിയ ബിറ്റുമിൻ തിരികെ വാങ്ങിയിട്ടില്ല

പഞ്ചായത്തിൽ നടപ്പാക്കിയ വിവിധ റോഡ് പ്രവൃത്തികൾക്കായി ശ്രീ. സിൻസൺ ജോസഫ് എന്ന കരാറുകാരന് ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ പേജ് 5 പ്രകാരം 2017-18 വർഷം 161.80 കി.ഗ്രാമിന്റെ 48 ബാരൽ (ആകെ 7766 Kg) VG 30 ബിറ്റുമിൻ വിതരണം ചെയ്തിട്ടുണ്ട്. തൻവർഷം കരാറുകാരൻ ഏറ്റെടുത്തുനടപ്പിലാക്കിയ താഴെപറയുന്ന പ്രവൃത്തികളിലായി ആകെ 7040 കി.ഗ്രാം VG 30 ബിറ്റുമിൻ മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്.

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | ബിറ്റുമിന്റെ അളവ്(Kg) |
|---|---|---|---|
| 1 | 112/18 | പവർലൈൻ റോഡ് അറ്റകുറ്റപണി | 739 |
| 2 | 113/18 | സെന്റ് ആന്റണീസ് റോഡ് റീടാറിംഗ് | 2191 |
| 3 | 115/18 | കോരേപ്പറമ്പ് റോഡ് റീടാറിംഗ് | 728 |
| 4 | 119/18 | SKV & AKG റോഡ് റീടാറിംഗ് | 2171 |
| 5 | 120/18 | അഞ്ചൂച്ചിറ റോഡ് റീടാറിംഗ് | 1211 |
| ആകെ | | | 7040 |

മേൽപ്പറഞ്ഞ പ്രകാരം വിവിധ പ്രവൃത്തികളിലെ ഉപയോഗത്തിന് ശേഷം 726 കി.ഗ്രാം ബിറ്റുമിൻ കരാറുകാരന്റെ കൈവശം അവശേഷിക്കുന്നുണ്ട്. എച്ച്.പി.സി.എൽ ഏറ്റവും ഒടുവിൽ ബിറ്റുമിൻ സപ്ലൈ ചെയ്ത 20-02-2018 ലെ 6353-ാം നമ്പർ ബിൽ പ്രകാരം ബിറ്റുമിന്റെ വില രൂ.35211.0/ടൺ ആണ്. ആയതിനാൽ ഈ നിരക്കിൽ 726 കി.ഗ്രാം ബിറ്റുമിന്റെ വിലയായി 25563 രൂപയോ നിലവിലുള്ള നിരക്കിലെ തുകയോ ഏതാണോ കൂടുതൽ ആ തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 30-12-2018 ലെ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-3 ട്രാൻസ്ഫർ ടി.എ. അധികം നല്കി

കൊല്ലം കരീപ്ര ഗ്രാമ പഞ്ചായത്തിൽ നിന്നും ഞാറക്കൽ ഗ്രാമ പഞ്ചായത്തിലേക്ക് ട്രാൻസ്ഫറായി വന്ന ജൂനിയർ സൂപ്രണ്ട് ശ്രീമതി. മേരി ഷീജ ആർ. ഇ. യുടെ ട്രാൻസ്ഫർ ടി.എ. ക്ലെയിമായി 9218/- രൂപ 04.08.2017ലെ ചെക്ക് നമ്പർ 144696 പ്രകാരം നല്കിയിട്ടുണ്ട്. പ്രസ്തുത ക്ലെയിമിൽ വീട്ടുപകരണങ്ങൾ കൊണ്ടുവന്നതിന്റെ ലോറിച്ചെലവായി 318 കിലോ മീറ്റർ ദൂരത്തിന് 20/- രൂപ നിരക്കിൽ 6360/- രൂപ നല്കിയിട്ടുണ്ട്. അനുവദനീയമായ കടത്തുകൂലി ഒരു കിലോ മീറ്ററിനുള്ള മൈലേജ് അലവൻസായ 2 രൂപയുടെ മൂന്നിരട്ടി തുകയായ 6/- രൂപ പ്രകാരമുള്ള 1908/- രൂപയാണ്. അതിനാൽ 4452/- രൂപ ശ്രീമതി മേരി ഷീജയ്ക്ക് അധികമായി നല്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 17, തീയതി.28.12.2018) മറുപടി നല്കിയിട്ടില്ല. അതിനാൽ അനുവദനീയമായതിലും അധികമായി അനുവദിച്ച 4452/- രൂപ ശ്രീമതി മേരി ഷീജയിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-4 ബാങ്ക് ലോൺ കൈപ്പറ്റിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പരും പേരും | 99/18, വനിതകൾക്ക് സ്വയം തൊഴിലിന് ആസ്തികൾ (വ്യക്തിഗതം) തുണിസഞ്ചിനിർമ്മാണം. |
| ചെലവ് | 4,50,000 രൂപ<br>ബിൽ നം.13/17-18 തീയതി 21.03.18 |
| നിർവ്വഹണ ഉദ്യോഗസ്ഥ | അസി. സെക്രട്ടറി |

മേൽപ്പറഞ്ഞിരിക്കുന്ന പ്രോജക്ടിൽപ്പെടുത്തി 15 ഗുണഭോക്താക്കൾക്ക് 30,000 രൂപാ വീതം സ്വയം തൊഴിലിനായുള്ള ആസ്തി നിർമ്മിക്കുന്നതിന് വകയിരുത്തുകയും ഗുണഭോക്താക്കളുടെ അപേക്ഷ പ്രകാരം ബാങ്ക് ലോൺ തുക അനുവദിച്ചു എന്നുള്ള അറിയിപ്പിനെ തുടർന്ന് സബ്സിഡി തുകയായ 4,50,000 രൂപ നിർവ്വഹണ ഉദ്യോഗസ്ഥ ട്രഷറിയിൽ നിന്നും മാറി ബാങ്കിൽ നൽകുകയും ചെയ്തിരുന്നു. എന്നാൽ ഇതിൽ താഴെ പ്പറയുന്ന 3 ഗുണഭോക്താക്കൾക്ക് സാങ്കേതികമായ കാരണങ്ങളാൽ ലോൺ എടുത്ത് സ്വയം തൊഴിൽ തുടങ്ങുവാൻ സാധിക്കയില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചിരിക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | സബ്സിഡി തുക |
|---|---|
| എലിസബത്ത് ജോണി, മനയ്ക്കപ്പറമ്പിൽ വാർഡ് – 3 | 30,000 |
| ആനന്ദവല്ലി ഉണ്ണികൃഷ്ണൻ, വാർഡ് – 4 | 30,000 |
| ഡെയ്സി റെമല്ലോ, വാർഡ് – 15 | 30,000 |

മേൽക്കാണിച്ചിരിക്കുന്ന ഗുണഭോക്താക്കൾക്കായി ബാങ്കിൽ നല്കിയിരിക്കുന്ന സബ്സിഡി തുക 90,000/- രൂപ ബാങ്കിൽ നിന്ന് തിരികെ ഈടാക്കി വികസനഫണ്ടിൽ തിരികെ അടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതുവരെ പ്രസ്തുത 90,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 എസ്.എസ്.എ.ക്ക് കൂടുതൽ വിഹിതം നല്കി

എസ്.എസ്.എ.യുടെ എറണാകുളം ജില്ലയിലെ 2017-18 സാമ്പത്തികവർഷത്തെ പദ്ധതി പ്രവർത്തനങ്ങൾക്കുള്ള ഞാറയ്ക്കൽ പഞ്ചായത്തിന്റെ വിഹിതത്തിന്റെ സ്റ്റേറ്റ്മെന്റിൽ എസ്.എസ്.എ വിഹിതമായി 5,19,113 /- രൂപ വകയിരുത്തുന്നതിനാണ് എസ്.എസ്.എ. ജില്ലാ പ്രൊജക്ട് ഓഫീസർ ആവശ്യപ്പെട്ടിരുന്നത് .എന്നാൽ ആവശ്യപ്പെട്ടിരുന്നതിനേക്കാൾ കൂടുതൽ തുക രണ്ട് പ്രൊജക്ടുകളിലായി കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ പറയുന്നു.

(1) എസ്.എസ്.എ.വിഹിതം നൽകൽ

| | |
|---|---|
| പ്രൊജക്ട് നം. | എസ് 0001/18 |
| അടങ്കൽ | രൂ.4,78,896 /-(വികസനഫണ്ട്) |
| ചെലവ് | രൂ. 4,78,896 /- |
| ബിൽ നം. | 01/17-18 തീയതി 12.07.18 |
| നിർവഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |

(2) എസ്.എസ്.എ.വിഹിതം-ബാക്കി തുക അടവാക്കൽ

| | |
|---|---|
| പ്രൊജക്ട് നം. | എസ് 0182/18 |
| അടങ്കൽ | രൂ.46,217 /-(വികസനഫണ്ട്) |
| ചെലവ് | രൂ. 46,217 /- |
| ബിൽ നം. | 23/17-18 തീയതി 05.01.18 |

| | |
|---|---|
| നിർവഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |

മുകളിൽ പറഞ്ഞ രണ്ട് പ്രൊജക്ടുകളിലായി ആകെ 5,25,113/- രൂപ എസ്.എസ്.എ.ക്ക് പഞ്ചായത്ത് വിഹിതമായി നൽകിയിട്ടുണ്ട്. ആവശ്യപ്പെട്ടതിനേക്കാൾ 6000/- രൂപ അധികമായി നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം.2 , 21.12.18) വിഹിതം കണക്കാക്കുമ്പോൾ വന്ന പിശക് മൂലമാണ് 6000/- രൂപ കൂടുതൽ അടവാക്കിയിട്ടുള്ളത് എന്ന് മറുപടി ഹാജരാക്കിയിട്ടുണ്ട്. ആയത് 2018-19 ലെ വിഹിതമായ 364011/- രൂപയിൽ നിന്ന് കുറവ് വരുത്തി പരിഹരിക്കുമെന്നും ബോധിപ്പിച്ചിട്ടുണ്ട്. ഈ വിഷയത്തിലെ തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു

(1) ഐ.കെ.എം.വിഹിതം

| | |
|---|---|
| പ്രൊജക്ട് നമ്പർ | എസ് 0002/18 |
| അടങ്കൽ | രൂ.1,00,000/-(വികസനഫണ്ട്) |
| ചെലവ് | രൂ.1,00,000/- |
| ബിൽ നമ്പരും തീയതിയും | 02/17-18 / 17.07.17 |
| നല്കിയത് | ഐ.കെ.എം. |
| നിർവഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |

വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 1,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(2)അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ

| | |
|---|---|
| പ്രൊജക്ട് നമ്പർ | എസ് 0027/18 |
| അടങ്കൽ | രൂ.35,000/-(വികസനഫണ്ട്) |
| ചെലവ് | രൂ.23,000/- |
| ബിൽ നമ്പരും തീയതിയും | 171107500980138733/ 17-18 / 28.03.17 |
| നല്കിയത് | കേരള വാട്ടർ അതോറിറ്റി |
| നിർവഹണഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 23,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഈ പ്രവൃത്തിക്ക് വേണ്ടി വാട്ടർ അതോറിറ്റി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ സെന്റേജ് ചാർജ്ജ് കണക്കാക്കിയിരിക്കുന്നത് 12.50% നിരക്കിലാണ്. പി.ഡബ്ല്യു.ഡി മാന്വൽ 1601.4 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും 10% നിരക്കിൽ മാത്രമേ സെന്റേജ് ചാർജ്ജ് ഈടാക്കാവൂ. അധികം നൽകിയ തുക ഇനിയുള്ള ഇടപാടുകളിൽ ക്രമീകരിക്കേണ്ടതാണ്.

## 3-7 വയോജനങ്ങൾക്ക് കട്ടിൽ - കൂടുതൽ വിലയ്ക്ക് വാങ്ങി

| | |
|---|---|
| പ്രൊജക്ട് നം.,പേര് | എസ് 0153/18, വയോജനങ്ങൾക്ക് കട്ടിൽ |

| | |
|---|---|
| അടങ്കൽ | 2,45,000/-(വികസനഫണ്ട്) |
| ചെലവ് | 2,43,250/- |
| ബിൽ നം.തീയതി | 1)31/17-18 ; 1.39,000/- ; 08.02.18 |
| | 2)49/17-18 ; 1,04,250/- ; 23.03.18 |
| നിർവഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |

സമൂഹത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 60 വയസ്സ് കഴിഞ്ഞ 70 വൃദ്ധർക്ക് കട്ടിൽ ഒന്നിന് 3500 /- രൂപ നിരക്കിൽ വാങ്ങി നല്കുന്നതിന് ആവിഷ്കരിച്ചതാണ് ഈ പ്രൊജക്ട്. കട്ടിലിന്റെ നീളം - 1.98 മീറ്റർ , വീതി - 90 സെന്റിമീറ്റർ , കട്ടിലിന്റെ മുൻകാൽ നീളം -60 സെന്റിമീറ്റർ, പിൻകാൽ നീളം -50 സെന്റിമീറ്റർ, കട്ടിലിൽ 8 മില്ലിമീറ്റർ പ്ലൈവുഡ് എന്നിവയായിരുന്നു സ്പെസിഫിക്കേഷൻസ്. ടെണ്ടർ നല്കിയവരിൽ ഏറ്റവും കുറഞ്ഞ നിരക്ക് (3447/-രൂപ)ക്വോട്ട് ചെയ്ത ഇംപാക്ട് എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ സ്വീകരിക്കാതെ കടലുണ്ടിയിലെ കോസ്റ്റൽ ഫർണിച്ചർ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിൽ നിന്നാണ് ഒരു കട്ടിലിന് 3475/- രൂപ എന്ന നിരക്കിൽ കട്ടിൽ വാങ്ങിയിരിക്കുന്നത്. കുറഞ്ഞ നിരക്കിന് കട്ടിൽ ലഭിക്കുമായിരുന്നിട്ടും കൂടുതൽ വില നല്കി കട്ടിൽ വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ്എൻക്വയറിക്ക് (നം.6 തീ.22.12.18 ) മറുപടി ഹാജരാക്കിയില്ല. ആയതിനാൽ 70 കട്ടിലുകൾ വാങ്ങിയതിൽ കൂടുതലായി ചെലവഴിച്ച 1960/- രൂപ (70X 28) തടസ്സപ്പെടുത്തുന്നു.

## 3-8 ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങിയതിലെ അപാകത

| | |
|---|---|
| പ്രൊജക്ട് നം.,പേര് | എസ് 0181/18, ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ |
| അടങ്കൽ | വികസനഫണ്ട് രൂ. 70000<br>തനത് ഫണ്ട് രൂ. 30000<br>ആകെ – രൂ. 100000/- |
| ചെലവ് | രൂ. 70,000/- |
| ബിൽ നം.,തീയതി | 27/17-18 തീയതി 15.01.18 |
| നിർവഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്ത് ഓഫീസ് പ്രവർത്തനം വേഗത്തിലാക്കുവാനും ഫോട്ടോസ്റ്റാറ്റ് മെഷീൻ സ്ഥാപിക്കുകവഴി സാമ്പത്തികചെലവ് കുറയ്ക്കുവാനും ലക്ഷ്യമിട്ട് 2017-18 സാമ്പത്തികവർഷത്തിൽ സെക്രട്ടറി നടപ്പിലാക്കിയതാണ് ഈ പ്രൊജക്ട്. നിലവിലുള്ള ഫോട്ടോസ്റ്റാറ്റ് മെഷീൻ ബൈബാക്ക് രീതിയിൽ കൊടുത്ത് പുതിയത് വാങ്ങുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. ടെണ്ടർ ക്ഷണിച്ചതിനു ശേഷം കെ.എം. ടെക്നോളജീസ്, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നാണ് ബൈബാക്ക് കഴിഞ്ഞ് 70,000/- രൂപയ്ക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങിയിട്ടുള്ളത്. ലഭിച്ച ടെണ്ടറുകൾ പരിശോധിച്ചതിൽ കെ.എം. ടെക്നോളജീസ് ബൈബാക്ക് കഴിഞ്ഞ് ഷാർപ്പ് ഫോട്ടോസ്റ്റാറ്റ് മെഷീൻ 60,000/- രൂപയ്ക്കും എറണാകുളത്തുള്ള എം.ട്രാൻസ് കോർപറേഷൻ എന്ന സ്ഥാപനം പഴയ മെഷീന് 10,000/- രൂപ നല്കി ആകെ 65,520 /- രൂപയ്ക്കും SHARP ഫോട്ടോസ്റ്റാറ്റ് മെഷീൻ സ്ഥാപിച്ചു നല്കുന്നതിന് സമ്മതിച്ചിട്ടുണ്ട്.

പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മിനിട്ട്സിൽ (തീയതി,തീരുമാനം നമ്പർ രേഖപ്പെടുത്തിയിട്ടില്ല) "ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ കെഎം ടെക്നോളജീസിന്റെ XEROX ഫോട്ടോസ്റ്റാറ്റ് മെഷീൻ (ബൈബാക്ക് കഴിഞ്ഞ് 70,000/- രൂപ) വാങ്ങുവാൻ തീരുമാനിച്ചു" എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. വസ്തുതകൾക്ക് വിരുദ്ധമായി ഇങ്ങനെ രേഖപ്പെടുത്തി കൂടിയ വിലയ്ക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങിയതിന് വിശദീകരണം നല്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7തീയതി 26.12.18 ) 21.11.17ലെ 22(2) -ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഹാജരാക്കി. പ്രസ്തുത തീരുമാനത്തിലും ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട്ചെയ്തത് KM ടെക്നോളജീസിന്റെ ഗുണനിലവാരം ഏറിയതും പഞ്ചായത്തിന്റെ ദൈനംദിന ആവശ്യങ്ങൾക്ക്

ഉപകാരപ്രദവും മെയിന്റനൻസ് കുറവുള്ളതും 3 വർഷ വാറന്റിയോടുകൂടിയതുമായ XEROX ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങുന്നതിനുള്ള ടെണ്ടർ അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. വസ്തുതകൾക്ക് വിരുദ്ധമായി പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്ട്സിലും പഞ്ചായത്ത് കമ്മിറ്റി മിനിട്സിലും രേഖപ്പെടുത്തലുകൾ നടത്തി ക്രമ വിരുദ്ധമായ രീതിയിലാണ് ഫോട്ടോസ്റ്റാറ്റ് മെഷീൻ അധിക തുക ചെലവഴിച്ച് വാങ്ങിയിട്ടുള്ളത്. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 70,000/- രൂപ തടസ്സപ്പെടുത്തുന്നു.

# 3-9 കരാറിലേർപ്പെടാതെയും എസ്റ്റിമേറ്റില്ലാതെയും തുക കൈമാറി

2017-18 സാമ്പത്തികവർഷത്തിൽ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷന് വേണ്ടിയും ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനും സെക്രട്ടറി നിർവഹണഉദ്യോഗസ്ഥനായി 3 പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.പ്രൊജക്ടുകളുടെ വിശദാംശങ്ങൾ താഴെ പറയുന്നു.

(1) സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റെൻഷൻ & ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ

| | |
|---|---|
| പ്രൊജക്ട് നം. | എസ് 0163/18 |
| അടങ്കൽ | രൂ. 8,00,000/-<br>(ധനകാര്യകമ്മീഷൻ അവാർഡ്) |
| ചെലവ് | രൂ.7,89,556/- |
| ബിൽ നം.,തുക,തീയതി | 29/17-18 തീ. 30.01.18 |
| നിർവഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |

2)സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റെൻഷൻ & ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ

| | |
|---|---|
| പ്രൊജക്ട് നം. | എസ് 0192/18 |
| അടങ്കൽ | രൂ.4,90,000/-<br>(ധനകാര്യകമ്മീഷൻ അവാർഡ്) |
| ചെലവ് | 4,85,144/- |
| ബിൽ നം.,തുക,തീയതി | 54/17-18 തീയതി 28.03.18 |
| നിർവഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |

3) എസ്.സി.സങ്കേതങ്ങളിൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ

| | |
|---|---|
| പ്രൊജക്ട് നം. | എസ് 0167/18 |
| അടങ്കൽ | രൂ. 2,46,400/-<br>( വികസനഫണ്ട് -എസ്സ്സിപി) |
| ചെലവ് | രൂ.2,45,577/- |
| ബിൽ നം.,തീയതി | 39/17-18 ; 21.03.18 |
| നിർവഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |

മുകളിൽ പരാമർശിച്ചിട്ടുള്ള 3 പ്രൊജക്ടുകളിലും കെഎസ്ഇബി യുമായി കരാറിലേർപ്പെട്ടിട്ടില്ല. എസ്റ്റിമേറ്റില്ലാതെയാണ് കെഎസ്ഇബി ക്ക് പണം കൈമാറിയിട്ടുള്ളത്. ചെയ്ത വർക്കുകളെ സംബന്ധിച്ച വിശദാംശങ്ങളോ റിപ്പോർട്ടോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കരാറിലേർപ്പെടാതെയും എസ്റ്റിമേറ്റില്ലാതെയും കെഎസ്ഇബിക്ക് പണം കൈമാറിയതിന് വിശദീകരണം നല്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറികൾക്ക് മറുപടി ഹാജരാക്കിയിട്ടില്ല. ഈ പ്രവൃത്തികളുടെ

വിനിയോഗസാക്ഷ്യപത്രവും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ മുകളിൽ പരാമർശിച്ച 3 പ്രൊജക്ടുകൾക്ക് വേണ്ടി ചെലവഴിച്ച 1520277/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-10 അലമാര & വാക്വം ക്ലീനർ വാങ്ങൽ - അപാകതകൾ

| | |
|---|---|
| പ്രൊജക്ടിന്റെ നം.,പേര് | എസ് 0158/18, പഞ്ചായത്ത് ഓഫീസിലേക്ക് റെക്കോർഡ് റൂം & വാക്വം ക്ലീനർ(ഐഎസ്ഒ) |
| അടങ്കൽ | 2,10,000/-(വികസനഫണ്ട്) |
| ചെലവ് | 1,95,800/- |
| ബിൽ നം.,തീയതി,തുക | 53/17-18 ; 28.03.18 ; 1,95,800/- |
| നിർവഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |

2017-18 സാമ്പത്തികവർഷത്തിൽ പഞ്ചായത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സെക്രട്ടറി നടപ്പിലാക്കിയതാണ് ഈ പ്രൊജക്ട്. റെക്കോർഡ് റൂമിന് 1,90,000/-, വാക്വം ക്ലീനറിന് 20,000/- എന്നിങ്ങനെയായിരുന്നു മതിപ്പ് ചെലവ് കണക്കാക്കിയിരുന്നത്.ടെണ്ടർ ലഭിച്ചതിൽ ഏറ്റവും കുറഞ്ഞ തുക പറഞ്ഞ കൊട്ടുങ്ങല്ലൂരിലെ കീർത്തി ഫർണിച്ചർ, എടവിലങ്ങ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങൽ നടത്തിയതായ സ്ഥാപനം നല്കിയ ഇൻവോയ്സ് പ്രകാരം (നം. 0030,24.03.18) വാങ്ങിയ സാധനങ്ങളുടെ വിശദാംശങ്ങൾ താഴെ പറയുന്നു.

| ക്രമ നം. | ഇനം | എണ്ണം | തുക |
|---|---|---|---|
| 1 | സ്ലൈഡിംഗ് ഗ്ലാസ്സോടു കൂടിയ അലമാര(15 അടിX6.5അടിX16 ഇഞ്ച്) | 2 | 88135.59 |
| 2 | സ്ലൈഡിംഗ് ഗ്ലാസ്സോടു കൂടിയ അലമാര(17അടിX6.5അടിX16 ഇഞ്ച്) | 1 | 61016.95 |
| 3 | വാക്വം ക്ലീനർ | 1 | 16779.66 |
| | ജി എസ് ടി(18 %) | | 29867.80 |
| ആകെ | | | 1,95,800 |

എന്നാൽ റെക്കോർഡ് റൂമിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തിയ ഭൗതികപരിശോധനയിൽ കണ്ട അലമാരകളുടെ നീളം ഇപ്രകാരമാണ്.

.

| ക്രമ നം. | ഇനം | എണ്ണം |
|---|---|---|
| 1 | സ്ലൈഡിംഗ് ഗ്ലാസ്സോടു കൂടിയ അലമാര (16 അടി X 6.5അടിX16 ഇഞ്ച്) | 1 |
| 2 | സ്ലൈഡിംഗ് ഗ്ലാസ്സോടു കൂടിയ അലമാര (14.5 അടി X 6.5അടിX16 ഇഞ്ച്) | 1 |

| | | |
|---|---|---|
| 3 | സ്ലൈഡിംഗ് ഗ്ലാസ്സോടു കൂടിയ അലമാര (6 അടി 2 ഇഞ്ച് X 6.5അടിX16 ഇഞ്ച്) | 1 |

ലഭിച്ച സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടുമില്ല. ഇൻവോയ്സിൽ നിന്നും വ്യത്യസ്തമായി സാധനങ്ങൾ കൈപ്പറ്റിയതിനും സ്റ്റോക്കിലെടുക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയില്ല. കരാറിൽ സമ്മതിച്ചതിൽ നിന്നും കുറഞ്ഞ നീളത്തിലുള്ള അലമാരയാണ് പഞ്ചായത്തിന് ലഭിച്ചത്. കൂടുതൽ വില നൽകി കുറഞ്ഞ നീളത്തിലുള്ള അലമാര വാങ്ങിയതിലൂടെ ഉണ്ടായ അധിക ചെലവ് തിട്ടപ്പെടുത്തി സ്ഥാപനത്തിൽ നിന്നും ഈടാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-11 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

പദ്ധതി നം 57/2017-18

അടങ്കൽ 300000/-

നിർവഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

ഈ പദ്ധതി പ്രകാരം 12 പശുക്കുട്ടികൾക്ക് 12500/- രൂപ വീതം ആകെ 150000/- രൂപ, 20-02-2018 തീയതിയിൽ ഐ സി ഡി പി, ആലുവ, പ്രൊജക്റ്റ് ഓഫീസറുടെ 799011400003312 നമ്പർ അക്കൌണ്ടിൽ നൽകിയിട്ടുണ്ട്. ഇതിൽ 147000/-രൂപ വികസന ഫണ്ടും 3000/- രൂപ തനത് ഫണ്ടും ആണ്. ബാക്കി 150000/-രൂപ ഗുണഭോക്തൃവിഹിതം ആണ്.

നാൾ വഴി രജിസ്റ്റർ പരിശോധിച്ചതിൽ ഈ 12 പശുക്കുട്ടികളിൽ 2 പശുക്കുട്ടികൾക്ക് ജൂലൈ 2018 മുതൽ തീറ്റ നൽകിയിട്ടില്ല. വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമസ്ഥയുടെ പേര് | ആകെ നൽകിയ സബ്സിഡിയുടെ വിവരം | ഐ സി ഡി പി, അലുവ,പ്രൊജക്റ്റ് ഓഫീസർക്ക് നൽകിയ തുക | കൂടുതൽ | കുറിപ്പ് |
|---|---|---|---|---|---|
| 1 | ധന്യപ്രിയ രാജ്, കൊല്ലം വേലിക്കകത്ത് | 2079 | 12500 | 10421 | പശുക്കുട്ടി ചത്തു പോയത് ഉടമസ്ഥ കൃത്യ സമയത്ത് വെറ്റിനറി സർജനെ അറിയിച്ചിട്ടില്ല |
| 2 | ജലജ, കണ്ണപ്പശ്ശേരി | 2233 | 12500 | 10267 | 2018 പ്രളയത്തിൽ ചത്തു പോയി |

ഐ സി ഡി പി, ആലുവ, പ്രൊജക്റ്റ് ഓഫീസർക്ക് മേൽ പ്രകാരം അധികം നൽകിയ 20688/- രൂപ തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | രൂ.1690000 | പഠനമുറി എസ്.സി | 0 | രൂ.1000000 |
| | | | പാലിന് സബ്സിഡി | 0 | രൂ.70000 |
| | | | അംഗപരിമിതർക്ക് സ്കോളർഷിപ്പ് | 0 | രൂ.620000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | രൂ.11965704 | ആധുനിക ശ്മശാന നിർമ്മാണം | 0 | രൂ.11965704 |

# 4-2 ഡെപ്പോസിറ്റ് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ഒന്നും ചെലവഴിച്ചിട്ടില്ല. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ളതുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | 163/18 തെരുവു വിളക്കിന് ലൈൻ വലിക്കൽ, പോസ്റ്റിടൽ. | 29/17-18, 30.01.2018 | 789556 | 0 | 789556 |
| കെ.എസ്.ഇ.ബി. | 167/18 എസ്.സി. സങ്കേതങ്ങളിൽ തെരുവു വിളക്കിന് വേണ്ടി ലൈൻ വലിക്കൽ. | 39/17-18, 21.03.2018 | 245577 | 0 | 245577 |
| കെ.എസ്.ഇ.ബി. | 192/18, വിവിധ വാർഡുകളിൽ തെരുവു വിളക്കിന് ലൈൻ വലിക്കൽ, പോസ്റ്റിടൽ. | 54/17-18 28.03.2018 | 485144 | 0 | 485144 |

മേൽ കാണിച്ചിട്ടുള്ള തുകകൾ കെ .എസ്. ഇ.ബി യിൽ ഡെപ്പോസിറ്റ് ചെയ്തതിന്റെ വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയുടെB-18ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

# 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നല്കിയിട്ടില്ല.

# 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവും തിരിച്ചടവും ഇല്ല.

# 4-5 സ്ഥിര നിക്ഷേപം

ഇല്ല.

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

# 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 68525499 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 72012859 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡി റ്റിൽ അംഗീകരിക്കാത്ത തുക | 30306 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1735237 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | - | 291 | ശ്രീമതി ശ്രീദേവി, എ.ആർ അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | - | 25563 | ശ്രീമതി.ശ്രീദേവി എ.ആർ. അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 4452 | ശ്രീമതി. റീജ. സി.ജെ സെക്രട്ടറി |
| ആകെ | 0 | 30306 | |

.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 90000 | ശ്രീമതി ശ്രീദേവി എൻ.കെ., അസിസ്റ്റന്റ് സെക്രട്ടറി |
| 3-6 (1) | 100000 | ശ്രീമതി റീജ സി.ജെ., സെക്രട്ടറി |
| 3-6 (2) | 23000 | ശ്രീമതി റോസി കെ.എൽ , ICDS സൂപ്പർവൈസർ |
| 3-7 | 1960 | ശ്രീമതി റീജ സി.ജെ.,സെക്രട്ടറി |

| | | |
|---|---|---|
| 3-9 | 1520277 | ശ്രീമതി റീജ സി.ജെ., സെക്രട്ടറി |
| ആകെ | 1735237 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി റീജ സി.ജെ., സെക്രട്ടറി | സെക്രട്ടറി | ചീരങ്ങാട് ഹൗസ്, നായരമ്പലം, നായരമ്പലം പി.ഒ. എറണാകുളം |
| ശ്രീമതി ശ്രീദേവി എ. ആർ. | അസിസ്റ്റന്റ് എഞ്ചിനീയർ | അരയമ്പറമ്പിൽ വീട്, കോതപറമ്പ് പി.ഒ., കൊടുങ്ങല്ലൂർ, തൃശ്ശൂർ |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ഇ.പി.3-273/02/2.7.99 |
| 1998-99 | എൽ.എഫ്.ഇ.പി.3-1352/2000/21.5.2001 |
| 1999-2000 | എൽ.എഫ്.ഇ.പി.3-1382/04/14.3.2004 |
| 2000-01 | എൽ.എഫ്.ഇ.പി.3-942/04/17.9.04 |
| 2001-02 | എൽ.എഫ്.ഇ.പി.3-942/04/17.9.04 |
| 2000-01 (ചെലവ്) | എൽ.എഫ്.ഇ.പി.3-311/05/4.11.2005/4.1.06 |
| 2001-02 (ചെലവ്) | എൽ.എഫ്.ഇ.പി.3-312/05/4.11.05/4.1.06 |
| 2002-03 | എൽ.എഫ്.ഇ.പി.3-652/06/24.11.06/15.9.07 |
| 2003-04 | എൽ.എഫ്.ഇ.പി.3-653/06/24.11.06/ 15.9.07 |
| 2004-05 | എൽ.എഫ്.ഇ.പി.3-1396/07/24.11.06 /15.9.07 |
| 2005-06 | എൽ.എഫ്.ഇ.പി.3-1397/07/24.11.06 /15.9.07 |
| 2006-07 | എൽ.എഫ്.ഇ.പി.3-1398 /07/9.3.2010/9.6.10 |
| 2007-08 | എൽ.എഫ്.ഇ.പി.3-1743/08/16.7.09/5.10.09 |
| 2008-09 | എൽ.എഫ്.ഇ.പി.3-1670/11/10.4.12 /1.8.12 |
| 2009-10 | എൽ.എഫ്.ഇ.പി.3-1671(എ)/11/7.4.12/1.8.12 |

| | |
|---|---|
| 2010-11 | എൽ.എഫ്.ഇ.പി.3-21/12/10.2.12 /6.3.12 |
| 2011-12 | എൽ.എഫ്.ഇ.പി.3-250/14/11.3.14/9.4.2014 |
| 2012-13 | എൽ.എഫ്.ഇ.(പി.3/177/2015 തീയതി 16.02.2015 |
| 2013-14 | എൽ.എഫ്.ഇ.(പി.3/177/2015 തീയതി 16.02.2015 |
| 2014-15 | കെ.എസ്.എ-ഇ.കെ.എം(പി3)1132/2016 തീയതി 04.07.16 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം(പി3)1923/2016 തീയതി 04.12.16 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം(പി-3)1759/2017 തീയതി 26-10-17 |

.

ഡെപ്യൂട്ടി ഡയറക്ടർ

.

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഞാറക്കൽ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക

പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൌച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

<u>2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ</u>

1. വസ്തുനികുതി സംബന്ധിച്ച വാർഷിക ധനകാര്യപത്രികയിലെ കണക്കുകൾ സഞ്ചയ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല

2. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൌണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. അമൃതം SBI അക്കൌണ്ടിന്റെ ധനകാര്യപത്രിക പ്രകാരമുള്ള നീക്കിയിരിപ്പ് പാസ്ബുക്ക് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തിയതിൽ വ്യത്യാസം നിലനിൽക്കുന്നു.

4. വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള Demand, Collection എന്നിവ രജിസ്റ്റർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

5. Rent of Building 130100101 എന്ന ഹെഡ്ഡിൽ ഡിമാന്റ് ചെയ്യുന്നതിന് പകരം ഷെഡ്യൂൾ I – 11b യിൽ ചെലവായി രേഖപ്പെടുത്തിയിരിക്കുന്നു.

6. സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം ഇനത്തിൽ ചെലവഴിച്ച 2,10,000 രൂപയിൽ 1,20,000 മാത്രമാണ് ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിലും റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റിലും ഉൾപ്പെട്ടിട്ടുള്ളത്. ഈ അപാകത പരിഹരിക്കേണ്ടതാണ്.

7. കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് ചെയ്തിരിക്കുന്ന 1520277 രൂപ വാർഷിക ധനകാര്യ പത്രികയിലെ B- 18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ